(അനുബന്ധം. എച്ച് 4)

## നോട്ടീസ്

ക്ഷീര വികസന വകുപ്പിൽ പാലക്കാട്, അട്ടപ്പാടി ക്ഷീര വികസന യൂണിറ്റ് ഓഫീസിൽ ക്ഷീര വികസന ഓഫീസർ ആയിരുന്ന ശ്രീ. സഞ്ചിത്ത്.പി -ക്ക് കെ.എസ്.ആർ പാർട്ട് I അനുബന്ധം XII A പ്രകാരം 04.04.2018 മുതൽ 5 വർഷത്തേക്ക് കൂടി ശൂന്യവേതനാവധി അനുവദിച്ചിരുന്നു. എന്നാൽ അവധി കഴിഞ്ഞ് 04.04.2023 ന് തിരികെ ജോലിയിൽ പ്രവേശിക്കേണ്ടിയിരുന്ന താങ്കൾ നിശ്ചിത സമയത്തിനുള്ളിൽ സർവ്വീസിൽ പ്രവേശിക്കുകയോ മറ്റു അപേക്ഷകൾ സമർപ്പിക്കുകയോ ചെയ്യിട്ടില്ലാത്തതിനാൽ അച്ചടക്ക നടപടികൾ സ്വീകരിക്കും എന്നറിയിച്ച് കൊണ്ട് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ആയതിന് താങ്കൾ മറുപടി ഒന്നും സമർപ്പിച്ചിരുന്നില്ല. കൂടാതെ താങ്കളുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യിട്ടില്ലാത്തതുമാണ്.

പ്രസ്തുത സാഹചര്യത്തിൽ കെ.എസ് & എസ്.എസ്.ആർ പാർട്ട് II, റൂൾ 19 (a) (ii) പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുവാനും, സർവീസിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്യുവാനും തീരുമാനിച്ചിരിക്കുന്നു എന്നറിയിച്ചു കൊണ്ടുള്ള നോട്ടീസ് രജിസ്റ്റേർഡായി അയച്ച് നൽകിയിരുന്നു. ആയത് കൈപറ്റിയിട്ടുണ്ടെങ്കിലും താങ്കൾ മറുപടി ഒന്നും സമർപ്പിച്ചിട്ടില്ല. തുടർന്ന് താങ്കളെ നേരിൽ കേൾക്കാൻ തീരുമാനിക്കുകയും 13.06.2024 ന് ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റിൽ ഹാജരാകുവാൻ അറിയിച്ചുകൊണ്ട് നോട്ടീസ് നൽകുകയും ചെയ്തു. ആയതും താങ്കൾ കൈപറ്റിയിരുന്നെന്നെങ്കിലും മറുപടി ഒന്നും സമർപ്പിച്ചിരുന്നില്ല.

അതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ പ്രസ്തുത തീരുമാനത്തിനെതിരെ എന്തെങ്കിലും പ്രതിവാദ പത്രിക താങ്കൾക്ക് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ബോധിപ്പിക്കേണ്ടതും, നിശ്ചിത കാലാവധിക്കുള്ളിൽ പ്രതിവാദപത്രികകള് ഒന്നും ലഭിക്കുന്നില്ലായെങ്കിൽ, ഇക്കാര്യത്തിൽ ശ്രീ.സഞ്ചിത്ത്.പി -ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

Signed by
Salini Gopinath
Date: 24-01-2025 13:17:00

ഡയറക്ടർ
ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
തിരുവനന്തപുരം

ശ്രീ.സഞ്ചിത്ത്.പി
ക്ഷീരവികസന ഓഫീസർ ( ശൂന്യവേതനാവധിയിൽ)
Anjana (H)
Kumarapuram.P.O, Alappuzha-690548

നമ്പർ: DDDKER/1446/2024-ES2 : തിരുവനന്തപുരം: 24-01-2025